


# ഗവ.വി.എച്ച്.എസ്.എസ്. വിതുര

## CLIMBING

2023-24

# ആശംസ

ഐടി അധിഷ്ഠിത പഠനം ക്ലാസുകളിൽ വളരെയധികം ആവശ്യമായി കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. കുട്ടികൾ സ്വയം കണ്ടെത്തി പഠിക്കുന്നതിന് ടെക്നോളജി വളരെയധികം സഹായിക്കുന്നു. നിർമിത ബുദ്ധിയുടെ ഈ കാലത്ത് വിദ്യാഭ്യാസത്തിലും സ്കൂൾ പ്രവർത്തനങ്ങളിലും ടെക്നോളജി പ്രയോജനപ്പെടുത്താൻ ലിറ്റിൽ കൈറ്റ്സിനും അതോടൊപ്പം നമ്മുടെ എല്ലാ കുട്ടികൾക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒപ്പം ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ C L I M B I N G ന് എല്ലാ ആശംസകളും അറിയിക്കുന്നു.



ഹെഡ്മിസ്ട്രസ്
സിന്ധുദേവി ടി എസ്

# Editorial Board



Diya Fathima

9C



Angel L Praveen

9C



Suhana R

9C



Akshaya A D

9A



Vismaya

9C



AlphinJ Mathew

9G



Abhinand

9F

# എന്റെ വിദ്യാലയം

തിരുവനന്തപുരം ജില്ലയിലെ മലയോര മേഖലയായ വിതുരയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ സ്കൂളാണ് വിതുര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ. വിതുരയിലെയും സമീപ പഞ്ചായത്തുകളിലെയും സാധാരണക്കാരായ വിദ്യാർത്ഥികളുടെ ആശ്രയമാണ് ഈ സ്കൂൾ. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക രംഗത്തും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലും ഏറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. പൊതു വിദ്യാലയങ്ങൾ നാടിന്റെ സാംസ്കാരിക കേന്ദ്രങ്ങൾ ആണെന്ന കാഴ്ചപ്പാടോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് പിടിഎ നടത്തിക്കൊണ്ടിരിക്കുന്നത്.



1902 ൽ സ്ഥാപിതമായ ഈ വിദ്യാലയം 1954 ൽ ഹൈസ്കൂൾ ആയി പ്രത്യേകം ആരംഭിച്ചു. 1987 ൽ വി.എച്ച്.എസ്.ഇ വിഭാഗവും 2004 ൽ ഹയർസെക്കൻഡറി വിഭാഗവും ആരംഭിച്ചു. മൂന്ന് വിഭാഗത്തിലുമായി ആകെ 1500ലധികം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നു. ഭൂരിപക്ഷം വിദ്യാർഥികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. പരിമിതികൾക്കുള്ളിലും പഠന പ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും വളരെ മുന്നിലെത്താൻ ഇവിടത്തെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. സ്കൂളിൽ പാഠ്യ പ്രവർത്തനങ്ങളോടൊപ്പം തന്നെ എസ്. പി. സി., ലിറ്റിൽ കൈറ്റ്സ്, ജെ. ആർ. സി. ഗോട്ടക്ക്, എൻ.എസ്. എസ്, ടീൻസ്,



ജെൻഡർ ക്ലബ്ബുകൾ, വിവിധ ഭാഷാ ക്ലബ്ബുകൾ തുടങ്ങിയവയിൽ വിദ്യാർത്ഥികൾ വളരെയധികം പ്രവർത്തനനിരതമാണ്. കലാ കായിക മേഖലകളിലും ഇവിടത്തെ കുട്ടികൾ വളരെയധികം മികച്ച പ്രകടനങ്ങൾ ആണ് കാഴ്ചവയ്ക്കുന്നത്. എല്ലാ പ്രവർത്തനങ്ങളിലും സ്കൂളിലെ അധികാരികളുടെയും പിടിഎയുടെയും വളരെയധികം സഹായം ലഭിക്കുന്നു.

ഹൈടെക് സംവിധാനങ്ങളോടു കൂടിയ മികച്ച ക്ലാസ് റൂമുകൾ, സബ്ജില്ലാതല മത്സരങ്ങൾ വരെ നടത്തുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഓഡിറ്റോറിയങ്ങൾ, വളരെ മികച്ച സൗകര്യത്തോടുകൂടിയ രണ്ട് ഐടി ലാബുകൾ, നല്ല രീതിയിൽ പ്രവർത്തിക്കുന്ന പാചകപ്പുര, ഡിജിറ്റൽ ലൈബ്രറി, മികച്ച സൗകര്യങ്ങളോടുകൂടിയ സ്റ്റോർ, എസ് പി സി അമിനിറ്റി സെന്റർ, കായിക പ്രവർത്തനങ്ങളെ മികവുറ്റതാക്കാൻ മൾട്ടി പർപ്പസ് സ്റ്റേഡിയം തുടങ്ങി ഒട്ടനവധി സൗകര്യങ്ങൾ ഈ വിദ്യാലയത്തിന് ഉണ്ട്. കഴിഞ്ഞ അക്കാദമിക വർഷം ലിറ്റിൽ കൈറ്റ്സിൽ ജില്ലാ ക്യാമ്പിലേക്ക് സെലക്ഷൻ കിട്ടിയ കുട്ടികൾ ഈ സ്കൂളിൽ ഉണ്ടായിരുന്നു. ഐടി മേളകളിലും സ്കൂളിലെ കുട്ടികളുടെ പ്രവർത്തനങ്ങൾ വളരെയധികം മികവുറ്റതായിരുന്നു. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി L K VISION Vithura എന്ന പേരിൽ ന്യൂസ് ചാനലും സ്കൂളിന് ഉണ്ട്.




# ലിറ്റിൽ കൈറ്റ്സ് ഉപജില്ലാ ക്യാമ്പ്

ഈ അധ്യയന വർഷത്തെ 2022-25 ബാച്ചിന്റെ പാലോട് ഉപജില്ല ലിറ്റിൽ കൈറ്റ്സ് ക്യാമ്പ് വിതുര ഗവൺമെന്റ് വിഎച്ച്എസ്എസിൽ നടന്നു. പ്രഥമാധ്യാപിക സിന്ധുദേവി ഉദ്ഘാടനം ചെയ്തു.



കൈറ്റ് മാസ്റ്റർമാരായ മോഹൻ സീ ദാസ്, ശ്രീജ എ ആർ, എസ്.ഐ.റ്റി. സി. എസ് സജീവ് എന്നിവർ സംസാരിച്ചു. മാസ്റ്റർ ട്രെയിനർ ശ്രീ. അഭിലാഷ് പ്രഭാകർ,



ആർ പി മാരായ ശ്രീജ എ ആർ, ശ്രീജ എൽ, ബബിത എൻ നായർ, സുമ മോൾ തുങ്ങിയവർ ക്ലാസുകൾ എടുത്തു. നാലുദിവസത്തെ ക്യാമ്പ് ഡിസംബർ 27ന് തുടങ്ങി 30ന് അവസാനിച്ചു.







മാസ്റ്റർ ട്രെയിനർ ശ്രീ. അഭിലാഷ് പ്രഭാകർ സംസാരിക്കുന്നു.



നവരസങ്ങൾ അഭിനയിക്കുന്ന മിഷാൻ



ക്യാമ്പ് സന്ദർശിച്ച് എ.ഇ.ഒ ശ്രീമതി.ഷീജ സംസാരിക്കുന്നു.

# ലിറ്റിൽ കൈറ്റ്സിന്റെ വിവിധതരം പ്രവർത്തനങ്ങൾ

FREEDOM FEST 2023

PRELIMINARY CAMP FOR 2023-26 BATCH

DIGITAL PAINTING COMPETITION

IT CORNER

LK VISION VITHURA

IT FAIR



എട്ടാം ക്ലാസിന്റെ പ്രിലിമിനറി ക്യാമ്പ്



ഫ്രീഡം ഫെസ്റ്റിന്റെ ഭാഗമായുള്ള ഇൻഡസ്ട്രിയൽ വിസിറ്റ് @ടാഗോർ തിയേറ്റർ



വിവിധ ക്യാമ്പുകളിലായി ശ്രീ.മോഹൻ സി ദാസ്, ശ്രീ.സജീവ് എസ്.എസ്, ശ്രീമതി.സ്മിത എൻ. എസ്, ശ്രീമതി.ശ്രീജ എ.ആർ എന്നിവർ ക്ലാസുകൾ നയിക്കുന്നു



ഡിജിറ്റൽ പെയ്ന്റിംഗ് മത്സരം



ഐ ടി കോർണർ

# കാട്ടുപൂവ്



ചിതറിത്തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെ ഈ പുഞ്ചിരിയൊന്നു മാത്രം
മഴവില്ല് പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും
കൃഷ്ണതുളസി കതിർത്തുമ്പ് മോഹിക്കും
നിന്റെയീ വാർമുടിചുരുളിലെ ഞാൻ
പൂജയ്ക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നു നിൻ അരികിലെത്താൻ
മണമില്ല മധുവില്ല പൂജയ്ക്കെടുക്കില്ല
താനേ വളർന്നൊരു കാട്ടുപൂവാണ് ഞാൻ

വരികൾ: വിനോദ് പൂവ്വക്കോട്



അശ്വന്ത് സജു
9E




# പുഴ



Aswajith A G
9F

ചിലനേരമിങ്ങനെ
ഏറെ നിശബ്ദമായ്
പുലരിയെ കണ്ണടച്ചേറ്റു
വാങ്ങിടണം
ചില നേരമാ ഗാഢ മൗനവും,
നീലിച്ച നിലാവിന്റെ പൂക്കളും
ചേർത്തുവച്ചീടണം
അതുപോലെ നിരർത്ഥകമെ-
ങ്കിലും ക്രൂരിതൾ കത്തിയൊലി
ച്ചുപോയ് മട്ടക്കാനിപ്പുഴ




വൃത്തമൊത്തെഴുതിയ കവിത പോലെ...
വ്യർത്ഥ മോഹങ്ങളിലമ്മ പോലെ
വരളും മനസ്സിൽ പേമാരി പോലെന്നുടെ
കരളിൽ നിറയുന്ന കൂട്ടുകാരി...
തളരുന്ന വേളയിൽ താങ്ങാണു നീ...
വരികളിൽ മധുരമാം ഈണമായ് നീ...
അകലെയാണെങ്കിലും
അരികത്തണയുന്ന
തണലാണ് നീയെൻ്റെ കൂട്ടുകാരി...
മനതാരിലായിരം കനവ് പേറി
മംഗല്യമെന്ന പൊൻ തേരിലേറി
ഇരുവഴി പോയി നാമെങ്കിലുമെന്നുമേ
പിരിയാതിരുന്നിടാം കൂട്ടുകാരി

Rudra Krishnan
9G



# അമ്മ

അമ്മയാണ് സത്യം
അമ്മ തന്നെ സ്നേഹം
അമ്മയാണ് കൺമുന്നിൽ
കാണുന്ന ദൈവം
ദൈവത്തിന് എന്തെല്ലാം
നന്മകൾ ഉണ്ടോ
അവയെല്ലാം ഈ മണ്ണിൽ
അമ്മയിൽ മാത്രം



Adithya M S
9G



# അച്ഛൻ എന്ന സത്യം

വിയർപ്പിന്റെ ഉപ്പ് രസം കൊണ്ട് മക്കളുടെ
ജീവിതം മധുരമാക്കി തന്ന മഹാകാവ്യം...
അമ്മയെക്കാൾ അച്ഛനെ സ്നേഹിക്കണം
അമ്മയ്ക്ക് അതാണിഷ്ടം...
കൈപിടിച്ച് കൊണ്ടുനടന്നു കാലത്ത് അറിയില്ല
അച്ഛൻ എന്ന മൂന്നക്ഷരത്തിൻ മഹത്വം..
അറിഞ്ഞിരുന്നെങ്കിൽ ആ കൈ ഒന്നുകൂടി മുറുക്കി
പിടിക്കാമായിരുന്നു..
നമ്മളെ ജീവിതം എന്താണെന്ന് പഠിപ്പിച്ച
വ്യക്തി..
കരുതലോടെ മരണംവരെ അച്ഛൻ
ചുമക്കുന്ന ഗർഭമാണ് മക്കൾ
ആയിരം അർഥങ്ങൾ ഉൾക്കൊള്ളുന്ന
മാന്യമായ വാക്കാണ് അച്ഛൻ
ചില്ലകൾ വാടാതിരിക്കാൻ പാറക്കെട്ടുകൾ
തുരന്നു ജലം തേടി പോയ ഒറ്റവേരാണ്
അച്ഛൻ



Anamika S A
9E



ചേമ്പില ചൂടി
പള്ളിക്കൂടത്തിലേക്കും
സ്ലേറ്റ് ചൂടി
വീട്ടിലേക്കും ഓടിയ
കുട്ടിക്കാലം
ഓർമ്മയാകുന്നു...
കാലവർഷം ഇതാ
ന്യൂനമർദ്ദത്തെയും
കാത്തിരിക്കുന്നു...



Rishikesh A
9C

# എന്റെ കേരളം

പാടും പുഴകളും തോടും
മോടി കൂടും മലരണിക്കാടും
നീളേ കളകളം പാടും
കാട്ടുചോലയുമാമണി മേടും
വെള്ളിയരഞ്ഞാണം പോലെ
ചുറ്റും തുള്ളിക്കളിക്കും കടലും
കായലും നീല മലയും
നീളേ കോരിത്തരിക്കും വയലും
പീലി നിവർത്തി നിന്നാലും
കൊച്ചുകേര മരതകത്തോപ്പും
നീളേ കുളിരൊളി തിങ്ങി
എന്റെ കേരളമെന്നൊരു ഭംഗി

credits: Gopalakrishnan Kolazhi



Aleena Bensigar
9C



ചിരിച്ചു ചിരിയൊടു പുഞ്ചിരിയോടു
പൊരുത്തമില്ലാച്ചിരിയെന്താവോ
കോടാലച്ചിരി കൊട്ടാരച്ചിരി
കുടഹമാലാച്ചിരി പരലോകത്തെച്ചിരി
അച്ചിരിയിച്ചിരി നെച്ചിരി കച്ചിരി
ഇന്ന് ചിരിച്ചു കുഴമ്പിച്ചു വെച്ചിട്ടു
നാളെച്ചിരിക്കുമ്പോൾ നല്ല ചിരി
ചിരി നല്ല ചിരി!
ഹ! ഹാ! എന്ത് ചിരി!



Swathi Nair V
9D

# മഴമേഘം

മനസ്സിന്റെ ജാലക വാതിൽ തുറന്നു
നോക്കവേ ഏതോ ഒരു വിശ്വാസം
എന്നിൽ തളിർത്തു
ഞാൻ ഏകാന്തതയിൽ നിന്നുണ-
രവേ അവസാനം ഓർമ്മകൾ
ഏതോ വർഷമേഘത്തിൽ
കുളിരായി പ്രണയത്തിൻ താളത്തിൽ
കേട്ടു ഞാൻ മഴമേഘത്തിൽ താളം
മനസ്സിന്റെ ജാലക വാതിൽ തുറന്നു
നോക്കവേ ഏതോ ഒരു
വിണ്ണിൽ ഞാൻ
ഹൃദയത്തിൻ താളത്തിൽ
കേട്ടു ഞാൻ മഴ മേഘത്തിൻ താളം
ഞാൻ ഏകാന്തതയിൽ
നിന്നുണരവേ അവനുടെ ഓർമ്മകൾ
ഞാനെന്റെ ബാല്യത്തിൽ തന്ത്രിയിൽ
വിരലുകൾ എല്ലാം ചലിപ്പിക്കവേ
ഏതോ ഓർമ്മതൻ മർമ്മരം കേട്ടു
ഞാൻ ഏകാന്തതയിൽ നിൻ നുണരുവേ
അവനുടെ ഓർമ്മകൾ
മനസ്സിന്റെ ജാലക വാതിൽ തുറന്നു
നോക്കവേ ഏതോ ഒരു വിശ്വാസം
എന്നിൽ തളിർത്തു
ഞാൻ ഏകാന്തതയിൽ നിന്നുണരവേ
അവസാനം ഓർമ്മകൾ
ഏതോ വർഷമേഘത്തിൽ
കുളിരായി പ്രണയത്തിൻ താളത്തിൽ
കേട്ടു ഞാൻ മഴമേഘത്തിൽ താളം




Punya B Nair
9G

# മുത്ത്



ജീവിതമാം വഴിത്താരകൾ തന്നിൽ
പൂവിട്ട് നിൽക്കുമാ വാകമരങ്ങൾക്കരികിൽ
എൻ സ്വപ്ന ശലഭങ്ങൾ പാറിപ്പറന്നു
ബാല്യകൗമാര യൗവന യാത്രകൾ...
ഓർമ്മതൻ ചെപ്പിൽ നിറയുന്ന നേരത്ത്
വിദ്യതൻ ആദ്യാക്ഷരം കുറിച്ചൊരാ
നിമിഷങ്ങൾ
കൂട്ടുകാർക്കൊപ്പമിരുന്നൊരു നിമിഷങ്ങൾ
സന്തോഷ സന്താപങ്ങൾ പങ്കുവെച്ചൊരു
നിമിഷങ്ങൾ
നീർത്തുള്ളിയായ് നഷ്ടമായ ഓർമ്മകൾ
ഓർമ്മച്ചെപ്പിൽ മുത്തുകളായ്
എൻ ജീവിതയാത്രയിൽ എന്നും...

മുത്ത്



Fousiya S
9C

# യഥാർത്ഥ വിശ്വാസി ആര് ?

നാട്ടിൻപുറത്തെ ഒരു പ്രഭാതം അവിടെ ഒരു പള്ളിയിൽ വിശ്വാസികൾ ആരാധനയ്ക്കായി കൂടിയിരിക്കുന്നു ചിലർ പ്രാർത്ഥിക്കുന്നു ചിലർ ഗാനങ്ങൾ പാടുന്നു മറ്റു ചിലർ സ്തോത്രങ്ങൾ ചൊല്ലുന്നു അങ്ങനെ സകലരും ദൈവഭക്തിയിൽ മുഴുകിയിരിക്കുകയാണ്.

ക് ണിം.... പെട്ടെന്ന് ഒരു ശബ്ദം. ആളുകളെല്ലാം ഞെട്ടിപ്പോയി. സകലരുടെയും ശ്രദ്ധ ശബ്ദം കേട്ടിടത്തേക്ക് തിരിഞ്ഞു. പള്ളിമുറ്റത്ത് എന്താണ് കണ്ടത് ? മിന്നിത്തിളങ്ങുന്ന ഒരു സ്വർണനാണയം! പള്ളിയിലെ പുരോഹിതൻ അടക്കം എല്ലാവരും സ്വർണ്ണനാണയം കൈക്കലാക്കാൻ ഓടി. പക്ഷേ ആ സമയത്ത് ഒരു അശരീരി കേൾക്കുമാറായി. യഥാർത്ഥ ദൈവവിശ്വാസിക്ക് ഈ സ്വർണനാണയം എടുക്കാം. എന്തുചെയ്യണമെന്നറിയാതെ എല്ലാവരും ഒരു നിമിഷം നിന്നു. പുരോഹിതൻ അവിടെ കൂടിനിന്നവരോടെല്ലാം പറഞ്ഞു; 'ഞാനാണല്ലോ എന്നും നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നത്, അതുകൊണ്ട് ഞാനാണ് യഥാർത്ഥ ദൈവ വിശ്വാസി. ഇത് ദൈവം എനിക്ക് തന്നിരിക്കുന്ന സമ്മാനമാണ് '. പുരോഹിതൻ കുനിഞ്ഞ് തറയിൽ നിന്ന് സ്വർണനാണയം എടുക്കുവാൻ ശ്രമിച്ചു. പക്ഷേ നാണയം ഇളകിയില്ല അത് നിലത്തുറച്ചതുപോലെ പുരോഹിതന് തോന്നി. പാവം പുരോഹിതൻ ഇളിഭ്യനായി പിന്മാറി. എങ്കിലും എല്ലാവരുടെയും ശ്രദ്ധ സ്വർണനാണയത്തിലായി. എല്ലാവർക്കും ആ സ്വർണനാണയം കിട്ടണമെന്ന് ആഗ്രഹിച്ചു. പക്ഷേ ദൈവവിശ്വാസി താനാണ് എന്ന് തെളിയിക്കേണ്ടേ? അതിന് പലരും ശ്രമിച്ചു. പക്ഷേ നടന്നില്ല.

അക്കൂട്ടത്തിൽ ഒരു ധനവാനും ഉണ്ടായിരുന്നു അദ്ദേഹം പറഞ്ഞു," എത്രകാലമായി ഞാൻ ഇവിടെ വന്ന് പ്രാർത്ഥിക്കുന്നു, പാടുന്നു, ഉപവസിക്കുന്നു. എത്ര പാവങ്ങളെ സഹായിച്ചു. അതൊക്കെ അറിയുന്നുണ്ടല്ലോ ദൈവം. അപ്പോൾ നിശ്ചയമായും എനിക്ക് സമ്മാനിക്കാൻ തന്നെയാണ് ദൈവം ഇത് ഇവിടെ ഇട്ടത്". അദ്ദേഹം ഉച്ചത്തിൽ പ്രാർത്ഥിച്ചുകൊണ്ട്

സ്വർണനാണയം എടുക്കാൻ ശ്രമിച്ചു. പക്ഷേ അത് നിലത്തു നിന്നും ഇളകിയില്ല. എല്ലാവരും അദ്ദേഹത്തെ നോക്കി ചിരിച്ചു. ഇതുപോലെ പലരും സ്വർണ്ണനാണയം എടുക്കാൻ ശ്രമിച്ചുനോക്കി. പക്ഷേ നടന്നില്ല. അങ്ങനെ കുറെ ദിവസം കഴിഞ്ഞ് തണുപ്പുള്ള ഒരു പ്രഭാതം മഞ്ഞ് ഇടവിടാതെ പൊഴിയുന്നു. തണുപ്പൊന്നും കൂട്ടാക്കാതെ ആ പള്ളിയിലേക്ക് ഒരു പാവപ്പെട്ട കർഷകൻ നടന്നു വരികയാണ്. നടന്നുവരുന്ന വഴിക്ക് അയാളുടെ ശ്രദ്ധ ഒരു കടയുടെ തിണ്ണയിൽ കിടക്കുന്ന ഒരു പാവം യാചകനിൽ ആയിരുന്നു. അയാൾ തണുപ്പുകൊണ്ട് വിറയ്ക്കുകയും ഞരങ്ങുകയും മൂളുകയും ഒക്കെ ചെയ്യുന്നുണ്ട്. യാചകൻ ഒരു രോഗിയും കൂടെ ആയിരുന്നു. കർഷകൻ ഉടനെ അടുത്ത് ചെന്ന് തന്റെ ഉടുപ്പ് ഊരി യാചകനെ പരിചരിച്ചു. എന്നിട്ട് അയാളെ താങ്ങിപ്പിടിച്ച് ഒരു ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ഇരുന്ന് കുറേനേരം അയാളെ വേണ്ടവിധം പരിചരിച്ചു. യാചകന് വലിയ ആശ്വാസം തോന്നി. അയാൾ പറഞ്ഞു, 'ആ വഴിയിൽ കൂടി പലരും കടന്നുപോയി ഒരുത്തനും തിരിഞ്ഞു നോക്കിയില്ല, അങ്ങേയ്ക്ക് ഇത് തോന്നിയല്ലോ. ദൈവം അങ്ങയെ രക്ഷിക്കട്ടെ'. തിരിച്ച് കർഷകൻ പള്ളിയിലെത്തി അവിടെവച്ച് അയാൾ സ്വർണ്ണനാണയത്തെക്കുറിച്ച് അറിഞ്ഞു. അയാൾ സ്വർണനാണയത്തിന്റെ അടുത്ത് പോയി സൂക്ഷിച്ച് നോക്കി അപ്പോൾ ഒരാൾ പറഞ്ഞു നിങ്ങൾ സൂക്ഷിച്ചു നോക്കുന്നല്ലോ എന്താ നിങ്ങൾ യഥാർത്ഥ ദൈവവിശ്വാസിയാണോ? എങ്കിൽ എടുത്തു നോക്കൂ കർഷകൻ പറഞ്ഞു, 'അറിഞ്ഞുകൂടാ. ഞാനൊരു പാവമാണ് ദാനത്തിനും വഴിപാടിനും എനിക്ക് പണമില്ല. സ്തുതികളും അറിഞ്ഞുകൂടാ. എങ്കിലും ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു'. അപ്പോൾ പുരോഹിതൻ പറഞ്ഞു, 'നിങ്ങൾ ഒരാളെങ്കിലും സത്യം പറഞ്ഞല്ലോ. അതുകൊണ്ട് ഈ സ്വർണ്ണനാണയം ഒന്ന് എടുത്തു നോക്കൂ'. ആ പാവപ്പെട്ട കൃഷിക്കാരൻ ആദ്യം മടിച്ചു. പുരോഹിതന്റെ നിർബന്ധം കൊണ്ട് നാണയം എടുത്തു. നാണയം കൃഷിക്കാരന്റെ കയ്യിൽ വന്നു. പെട്ടെന്ന് സ്വർണ്ണനാണയത്തിന്റെ തിളക്കം വർദ്ധിച്ചു എല്ലാവരും അയാളെ മിഴിച്ചു നോക്കി നിന്നു.

നാട്ടിനു ചിലർ ഗാനങ്ങൾ പാടുന്നു മറ്റുചിലർ സ്തോത്രങ്ങൾ ചൊല്ലുന്ന സ്വർണനാണയം! പള്ളിയിലെ പുരോഹിതൻ അടക്കം എല്ലാവരും


# *Never give up*

If I made a mistake
then I would have to retake,
and do it once again,
even fail the pain.

But there also Lays a price,
and that made me realise that,
even if I was to fail,
It would be a clearing trail.

If I hope for medals and a cup
I can't just relay on luck
I must do hard work
to show the world my worth

That is the essence of never giving up!


Never Give up

If I made a mistake
then I would have to retake,
and do it once again,
even feel the pain.

But there also lays a prize,
and that made me realise that,
even if I was to fail,
It would be a learning trail.

If I hope for medals and a cup,
I can't just rely on luck.
I must do hard work,
to show the world my worth.

That's the essence of never giving up!




Arabhi G S
9D



# പൂക്കാലം

തെച്ചിയും റോസയും തുമ്പയും പൂവിട്ടു
ചെമ്പരത്തിപ്പൂ ചിരിച്ചു നിന്നു
പിച്ചിയും മുല്ലയും ചേമന്തിയും പൂത്തു
പൂമണം തൂകി കുണുങ്ങി നിന്നു
ഞാനും വരട്ടെയെന്നോതി നിശാഗന്ധി
തൂവെള്ള ചാർത്തി വിരിഞ്ഞു നിന്നു
മഞ്ഞയും നീലയും ചുറ്റിയ കോളാമ്പി
വേലിക്കരികയിലായി കാത്തു നിന്നു
പൂന്തേൻ കുടിച്ചു മതിച്ചു പൂമ്പാറ്റകൾ
പൂക്കാലമായെന്നു വണ്ടു മൂളി



Jbin J S
9F

# നാട്

ഹരിത മനോഹര മലകൾ നിറഞ്ഞൊരു
മാമല നാടിൻ വർണ്ണനയെ...
മണവും മഴയും പുഴയും കടലും
ചേർന്ന് വിളങ്ങും കേരളമേ..
നറുമണമേകും പൂക്കൾ വിരിഞ്ഞൊരു
ഉജ്ജ്വല നാടൻ ലഹരിയതേ...
വള്ളത്തോളും തുഞ്ചൻ കവിയും
വാഴ്ത്തി പാടിയ നാടിതുമേ...
വള്ളംകളിയിൽ കേളി പെരുത്തൊരു
സുന്ദര എന്നുടെ മാറ്റൊലിയെ...
നന്മകൾ ഉള്ളിൽ പെരുത്തൊരു മാനവ
മണ്ണിൽ പിറന്നൊരു ഭാഗ്യമതേ...



Fathima N
9C

# എന്റെ തോട്ടം



തീ പിടിച്ച പോലുള്ള വെയിൽ
വേർഴുക്കി ഞാൻ വിത്ത് വിതച്ചാൽ
വാനത്തിന്റെ വലിയ വയലിൽ
വാർമുകിലതു കാണുവാനെത്തും
വേനൽച്ചൂടിനന്നെന്റെ പറമ്പിൽ
നൂണു കേറാൻ കഴിഞ്ഞില്ല തെല്ലും
വാഴകളുടെ സമ്മതം വേണം
വായുവിനും വളപ്പിൽ കടക്കാൻ
പത്തുകൊട്ട് വളത്തിനതിന്റെ
പത്തിരട്ടി ഫലങ്ങളുമായി
മത്തകുമ്പളമെന്നിവയെല്ലാം
ഒത്തതായെന്റെ കായ്കറി തോട്ടം
മൺകുടവുമായി തോട്ടത്തിലെത്താൻ
എൻ കുടുംബിനി ചെറ്റു വൈകിച്ചാൽ
പൊൻകുറിയിട്ടി വെള്ളരിവള്ളി
സങ്കടത്താൽ തലതാഴ്ത്തി നിൽക്കും

# Even though it's dark

**Those days I slept**
**Alone in the dark**
**Those days I weeped alone**
**Those days without no one**
**Yet I am still here!**
**Standing here always**
**For everyone**
**Even though it's dark there is**
**Always light around still**
**Shining for everyone**



*Sarayukrishnan*
*9D*

# മലയാളനാടേ ജയിച്ചാലും

മലയാളനാടേ നിൻ മാറിലാരോ
മലർമാല ചാർത്തുന്നു മഞ്ജിമകൾ
വിജയിക്കൂ ഞങ്ങൾ പിറന്ന നാടേ!
വിമലശ്രീ നിത്യം പുലർന്ന വീടേ!
കരൾ കക്കും നിൻ തോപ്പിലെത്ര
കവികോകിലങ്ങൾ പറന്നു പാടി
അവിരളോന്മാദം തരുന്നു ഞങ്ങൾക്കവർ
പെയ്ത കാകളിത്തേൻമഴകൾ.
പരശ്ശതം വർഷങ്ങൾക്കപ്പുറത്താപരിചേലും
തുഞ്ചൻ പറമ്പിലെങ്ങോ ഒരു തൈമരത്തിൽ
തളിർത്ത കൊമ്പത്തൊരു പച്ചത്തത്തമ്മ കുട്ടുകുട്ടി
അഖിലവേദാന്ത പുരാണതത്ത്വമവളാത്തമോദമെടുത്തു
പാടി അഴകുറ്റ ഗാനമേ നിൻ മുൻപിൽ
തൊഴുകൈപ്പൂമൊട്ടുമായി നിൽപ്പൂ ഞങ്ങൾ
ഫലിതത്തിൻ തൈലം പകർന്നു കുഞ്ചൻ
നിലവിളക്കൊന്നു കൊളുത്തിവെച്ചു
അതിനുള്ളിലായിരം പൊൻതരികളറിവിൻ വെളിച്ചം
ചൊരിഞ്ഞെരിച്ചു മണിമുകിൽ വർണനെ
വാഴ്ത്തി വാഴ്ത്തി മതിമാർ ചെറുശ്ശേരി പാട്ടുപാടി

വരികൾ: ചങ്ങമ്പുഴ കൃഷ്ണപിള്ള



Mariyam Hana N
9H

# □ □□ □□ □□□ □ □□

In winter I get up at night
And dress by yellow candle light
In summer, quite the another way
I have to go to bed day by day
I have to go to bed and see
The birds are still hoping on the tree
Or hear the grown up peoples feet
Still going part me in the street
And does it not seen hard to you,
When all the sky is clear and blue,
And I should like so much to play
To have to go to bed day by day



Abhinav Krishna S
9C

# മഴ

പുലരിയോളം കാത്തിരുന്നു
പുതുമഴയൊന്നും കിട്ടാൻ
ഒടുവിലായി മാരി പെയ്തു
ഇടതടവില്ലാത്ത പേമാരിയായ്
പുഴ കവിഞ്ഞു പുരനിറഞ്ഞു
മലയും പുഴയുമൊന്നായി
ഇടയിലായുള്ളോരോ ജീവിതം
ശിഥില കിനാക്കളായി മാറി
മുറ്റത്തുള്ളോരാ തേന്മാവ്
കടപുഴകി തൊടികടന്ന്
അകലയായി കടലിലായി
ഹൃദയങ്ങൾ കനിവ് തേടുന്നു
അകലെയായി മഴമേഘ പാളി
അടർന്നടർന്ന് ശമിക്കാതെ
അരുതേയരുതേ പകയരുതേ
അഴലകറ്റി കനിവേകണേ



Shahana Fathima B
9G

# Our Earth

The earth is ours to enjoy
For every little girl and boy
But wear must always be aware
That all its beauty we must share
With all children get to come
Who want to laugh and play and run
Around the trees and in the field
Some must keep our planet free
From Messi trash and Debris
With air that's clean fresh and clear
Or all to breed from year to year
We must never ever abuse
Our seat earth that hours to use



Shamna S
9D

# അച്ഛൻ

ആദ്യാക്ഷരം കുറിച്ചു
തന്നെൻ കുഞ്ഞിളം കൈകളാൽ
കൂടെ നടന്നു
കൂടെ കളിച്ചും
കാണാ ചൂരലാൽ ശാസിച്ചു ഞങ്ങളെ
ഇന്നോളം ഊട്ടിയ
ഉരുളകളെല്ലാം
ദൂരെ ദ്വീപിലെ
രാവും പകലും
ഇന്നീ കൈകളിൽ
സ്നേഹത്തിൽ പൊതികളില്ല
നീട്ടി വിളിക്കലുമില്ല
യാത്ര പറയാതെ
പടികടന്നകലുമ്പോൾ
നീ ഞങ്ങളെ താലോലിച്ചുറക്കിയ
ഉമ്മറത്തിണ്ണയും ഏകനായി